# ഗദ്യകവിതകൾ

എം. എൻ. കാരശ്ശേരി



ഗദ്യകവിതകൾ

എം. എൻ. കാരശ്ശേരി
(മലയാളം: ഹാസ്യലേഖനം)

© 2024, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Papyrus or Paper Reed Growing in the Ciane, Sicily, a painting by Marianne North (1831–1890). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഗദ്യകവിതകൾ

അനന്തമായ കാലവും അപാരമായ പ്രപഞ്ചവും അതീവസുന്ദരമായ പ്രകൃതിയും സ്നേഹത്തിന്റെ അനശ്വരഭാവവും ബഷീറിന്റെ അനുഭൂതികളിൽ എപ്പോഴും നിറയുന്നു. മനസ്സിലുറപ്പിച്ച് 'അനൽഹഖ്' (ഞാനാണ് സനാതനസത്യം) എന്നും 'അഹം ബ്രഹ്മാസ്മി' (ഞാൻ ബ്രഹ്മം ആകുന്നു) എന്നും ഉരുവിട്ടുകൊണ്ട് കടന്നുപോയ സന്യാസജീവിതത്തിന്റെ ബാക്കിപത്രം കൂടിയാണ് ആ സാഹിത്യം. പ്രകൃതിയുമായും മറ്റു മനുഷ്യരുമായും ജീവജാലങ്ങളുമായും ലയിച്ചു ചേരുന്നതിന്റെ അനുഭൂതികൾ അടയാളപ്പെടുത്തുമ്പോൾ ആ ഭാഷയുടെ ഭാവം വാമൊഴിയുടെ സ്വാഭാവികതയല്ല, അഗാധവും ഗംഭീരവുമായ അനുഭൂതികളുടെ കാവ്യാത്മകതയാണ്.

ബഷീറിന്റെ ഗദ്യം വരമൊഴിയുടെ, കവിതയുടെ താളവും സ്വഭാവവും കൈവരിക്കുന്ന സന്ദർഭങ്ങളുണ്ട്. അനർഘനിമിഷം (1946) എന്ന പുസ്തകത്തിൽ ലേഖനങ്ങൾ എന്ന പേരിൽ സമാഹരിച്ചിരിക്കുന്ന പലതും ഗദ്യകവിതകളാണ്—'അനർഘനിമിഷം,' 'ജീവിതം', 'മംഗളാശംസകൾ,' 'സന്ധ്യാപ്രമാണം', 'ഏകാന്തതയുടെ മഹാതീരം', 'അജ്ഞാതമായ ഭാവിയിലേക്ക്' എന്നിവ.

തന്റെ നിസ്സാരതയും ഈശ്വര പ്രഭാവത്തിന്റെ മഹിമയും ആവിഷ്ക്കരിക്കുവാനാണ് ബഷീർ ഗദ്യകവിതകൾ എഴുതുന്നത്. നീണ്ടുനീണ്ടു പോകുന്ന വാക്യങ്ങൾ, സംസ്കൃതപദങ്ങൾ, ദീർഘസമാസങ്ങൾ തുടങ്ങിയവ അവയിൽ സുലഭം. ലൗകികതലമല്ല, ആത്മീയതലമാണ് അവയിൽ പുലരുന്നത്. പ്രപഞ്ചസൗന്ദര്യത്തിന്റെ മഹാത്ഭുതവും അപാരതയുടെ അവ്യാഖ്യേയമായ ഗാംഭീര്യവും ശോകത്തിന്റെ അത്യഗാധതയും ചിത്രീകരിക്കുവാനുള്ള സഫലശ്രമം 'അജ്ഞാതമായ ഭാവിയിലേക്ക്' എന്ന രചനയിൽ കാണാം.

മരണവും ഏകാന്തതയും പ്രകൃതിയും മാത്രമാണ് ഗദ്യകവിതകളിലെ പ്രമേയം. പേർസ്യൻ സൂഫികളുടെ രചനകളെ അനുസ്മരിപ്പിക്കും വിധം ഇവയിൽ നിത്യകാമുകനായും നിത്യകാമുകിയായും ഈശ്വരൻ കടന്നുവരുന്നു. 'മരണത്തിന്റെ സ്വപ്നമായിരിക്കുമോ ജീവിതം?' (ഏകാന്തതയുടെ മഹാതീരം) എന്ന് അമ്പരന്നു പോകുന്ന സന്ദർഭങ്ങൾ ഇവിടെ പലതുണ്ട്. 'എന്റെ കന്യകാത്വം മുഴുവനും കൊടും തമസ്സിലെ മൂകമായ ഒരു പ്രാർത്ഥന ആയിരുന്നപ്പോൾ' (ഏകാന്തതയുടെ മഹാതീരം) എന്ന് എഴുതിപ്പോകുന്ന മട്ടിൽ ഈ രചനകളിൽ ബഷീർ കവിയാണ്. അദ്ദേഹം തമാശ പറയാറുണ്ട്: 'ഞാൻ ജന്മനാ കവിയാണ്. പിന്നെ ആളുകൾ വർത്തമാനം പറയുന്നതും പ്രേമിക്കുന്നതും കുളിക്കുന്നതും പ്രസവിക്കുന്നതുമൊക്കെ ഗദ്യത്തിലായതുകൊണ്ട് ഗദ്യം എഴുതുന്നു എന്നേയുള്ളൂ.'

ഈ ഗദ്യകവിതകളിലെ ഭാഷ എത്രമാത്രം സംസ്കൃതജഡിലമാണ് എന്നതിന് ഉദാഹരണം കാണുക:

1. 'അന്തിമ നിശ്വാസമായി പരക്കുന്ന സുരഭിലമായ കുളിർനിലാവിൽ മുങ്ങിയ പൂങ്കാവനം പണ്ടത്തെ മാതിരി വീണ്ടും രൂപരഹിതമായ കിനാവിൽ മുഴുകുകയായി.' (ഏകാന്തതയുടെ മഹാതീരം)
2. 'ഉദയതാരത്തിന്റെ വെള്ളിവെളിച്ചത്തിലൂടെ, പ്രഭാതഭാസ്കരന്റെ കനകകിരണങ്ങളിലൂടെ, വസന്തകാലത്തിന്റെ പുതുപരിമളത്തിലൂടെ എന്റെ കുമാരീ എന്റെ സ്മരണ നിന്നിലെത്തും.' (ഏകാന്തതയുടെ മഹാതീരം)
3. 'ശീതളമായ നിന്റെ പൂമേനിയുടെ സുഗന്ധസ്മരണയോടെ നിശാപവനൻ എന്നെ തഴുകുമ്പോൾ' (ഏകാന്തതയുടെ മഹാതീരം)
4. 'കടുംനീലയായ അലകൾക്കുമീതെ ക്ഷീണിതമായ മഞ്ഞ വെളിച്ചത്തിന്റെ പന്ഥാവ് അവശേഷിപ്പിച്ചുകൊണ്ട് കടലിൽ വീഴാൻ തുടങ്ങിയ ചരമദിവാകരനെ മൂടിപ്പൊതിഞ്ഞുകൊണ്ട്, അരികിന് തങ്കക്കസവു പിടിപ്പിച്ച ബ്രഹ്മാണ്ഡമായ കറുത്ത പുടവ പോലെ ഇരുണ്ടമേഘം പൊങ്ങിവന്നു' (ഏകാന്തതയുടെ മഹാതീരം)

ബഷീർ എഴുതിയ ഒരേ ഒരു കവിതയിലും (അനശ്വര പ്രകാശം, യാ ഇലാഹീ—1997) ഭാഷ ഇതുതന്നെ.

ദൈവികാന്വേഷണത്തിന്റെ അനുഭൂതികളുടെയും അനവദ്യമായ ആധികളുടെയും അപാരതയുമായി ലയിക്കുവാനുള്ള അദമ്യമായ ദാഹത്തിന്റെയും രേഖപ്പാടുകളാണ് ബഷീറിന്റെ ഗദ്യകവിതകൾ.

□

# എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014